**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 228** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>സുഭിക്ഷാ ഹോട്ടലുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് സർക്കാർ സബ്സിഡിയോടുകൂടി പ്രവർത്തിക്കുന്ന എത്ര സുഭിക്ഷാ ഹോട്ടലുകൾ നിലവിൽ ഉണ്ട്;

**<u>മറുപടി:</u>** സംസ്ഥാനത്ത് സർക്കാർ സബ്സിഡിയോടുകൂടി 44 സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്.

**(ബി)** ഇവർക്ക് ലഭിക്കേണ്ട സബ്സിഡി തുക കൃത്യമായി ലഭിക്കുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** ഉണ്ട്. വിശപ്പ് രഹിത കേരളം - സുഭിക്ഷ പദ്ധതി പ്രകാരം സംസ്ഥാനത്ത് നിലവിൽ 44 സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിച്ചുവരുന്നു. ഊണൊന്നിന് 30/- രൂപ നിരക്കിലാണ് പ്രസ്തുത ഹോട്ടലിൽ നിന്നും ഉച്ചഭക്ഷണം നൽകിവരുന്നത്. ഇതിൽ ഊണൊന്നിന് 5/-രൂപയാണ് സബ്സിഡിയായി നൽകുന്നത്. സുഭിക്ഷ ഹോട്ടൽ നടത്തിപ്പ് ചുമതലയുള്ളവർ ഓരോ മാസത്തെയും വിതരണം ചെയ്ത ഊണിന്റെ കണക്ക് താലൂക്ക് സപ്ലൈ ഓഫീസിൽ സമർപ്പിക്കുന്ന മുറയ്ക്ക് റേഷനിങ് ഇൻസ്പെക്ടർമാർ വഴി പരിശോധിച്ച് ഉറപ്പാക്കി, ജില്ലാ സപ്ലൈ ആഫീസർ വഴി ശുപാർശയും അനുബന്ധ രേഖകളും ലഭ്യമാകുന്ന മുറയ്ക്ക്, സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ് തലത്തിൽ നിന്ന് സുഭിക്ഷ ഹോട്ടലുകൾക്ക് സബ്സിഡി തുക പരിശോധിച്ച് പാസാക്കി അനുവദിച്ച് നൽകിവരുന്നുണ്ട്. ഇതിന് പുറമേ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, കെട്ടിടവാടക, ശുചീകരണ ബിൽ എന്നിവയും സുഭിക്ഷ ഹോട്ടലുകളുടെ ആവർത്തന ചെലവിനത്തിൽ അനുവദിച്ച് നൽകിവരുന്നു. ഓരോ സാമ്പത്തികവർഷത്തേക്കും വിശപ്പ് രഹിത കേരളം - സുഭിക്ഷ പദ്ധതിക്കായി അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് മേൽ തുകകൾ അനുവദിച്ചു നൽകുന്നത്.

**സെക്ഷൻ ഓഫീസർ**